LIBRARY ARCHIVES Kerala Legislative Assembly

തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിലെ മിനിസ്റ്റീരിയൽ ജീവനക്കാരുടെ സ്റ്റാഫ് പാറ്റേൺ

208 (7507) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൽ.എസ്.ജി.ഡി. (എഞ്ചിനീയറിംഗ് വിഭാഗം) മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുടെ സ്റ്റാഫ് പാറ്റേൺ അടിയന്തരമായി നടപ്പിലാക്കാൻ നടപടി ആരംഭിച്ചിട്ടുണ്ടോ ;

(ബി) മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർ കുറവായതിനാൽ ഈ വകുപ്പിന് കാര്യക്ഷമമായി പ്രവർത്തിക്കാൻ സാധിക്കുമോ എന്നറിയിക്കുമോ ; ഇല്ലെങ്കിൽ വകുപ്പിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിന് എന്ത് നടപടി സ്വീകരിക്കാൻ കഴിയുമെന്ന് അറിയിക്കുമോ ;

(സി) എൽ.എസ്.ജി.ഡി. (എഞ്ചിനീയറിംഗ് വിഭാഗം) സർക്കാർ പണം വിനിയോഗിക്കുമ്പോൾ സൂപ്പർവൈസറി തസ്തികകളുടെ അഭാവംമൂലം സൂക്ഷ്മ പരിശോധനയിൽ ന്യൂനതകൾ സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) പ്രസ്തുത വകുപ്പിൽ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുടെ അധിക തസ്തിക അനുവദിക്കുന്നത് സംബന്ധിച്ച് ഫയലുകൾ നിലവിലുണ്ടോ യെന്നും എങ്കിൽ പ്രസ്തുത ഫയലിന്റെ സ്ഥിതി എന്താണെന്നും അറിയിക്കുമോ ;

(ഇ) എൽ.എസ്.ജി.ഡി. (എഞ്ചിനീയറിംഗ് വിഭാഗം) എത്ര സാങ്കേതിക വിഭാഗം ജീവനക്കാരുണ്ടെന്നും എത്ര മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുണ്ടെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) സർക്കാർ പരിശോധിച്ചുവരുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഉണ്ട്. സർക്കാർ പരിശോധിച്ചുവരുന്നു.

(ഇ) എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വകുപ്പിൽ 3649 സാങ്കേതിക വിഭാഗം ജീവനക്കാരും 634 മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുമുണ്ട്.

ഗ്രാമപഞ്ചായത്തുകളിലെ പുതിയ ഡ്രൈവർ തസ്തികകൾ

209 (7508) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏതെല്ലാം ജില്ലകളിലെ ഗ്രാമപഞ്ചായത്തുകളിൽ ഡ്രൈവർമാരുടെ തസ്തികകൾ പുതുതായി സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ടെന്ന് അറിയിക്കാമോ ; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(ബി) ഗ്രാമപഞ്ചായത്തുകളിൽ ഡ്രൈവർമാരുടെ തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച് പ്രൊപ്പോസൽ ഏതെല്ലാം ജില്ലകളിൽനിന്ന് ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(സി) പ്രസ്തുത ജില്ലകളിൽ ഡ്രൈവർമാരുടെ തസ്തികകൾ സൃഷ്ടിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ) ജി.ഒ.(എംഎസ്.)51/2014/തസ്വഭവ പ്രകാരം തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, ഇടുക്കി, മലപ്പുറം, കോഴിക്കോട് എന്നീ ജില്ലകളിലെ ഗ്രാമപഞ്ചായത്തുകളിൽ ഡ്രൈവർമാരുടെ തസ്തികകൾ പുതുതായി സൃഷ്ടിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ബി) തിരുവനന്തപുരം പാലക്കാട്, കണ്ണൂർ, കാസർഗോഡ്, വയനാട്.

(സി) ഇത് സംബന്ധിച്ച പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

ഗ്രാമപഞ്ചായത്തുകളിലെ സാങ്കേതിക വിഭാഗത്തിൽ എഞ്ചിനീയർമാരുടെയും ഓവർസീയർമാരുടെയും ഒഴിവുകൾ

210 (7509) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിൽ ഗ്രാമപഞ്ചായത്തുകളിലെ സാങ്കേതിക വിഭാഗത്തിൽ എഞ്ചിനീയർമാരുടെയും ഓവർസീയർമാരുടെയും എത്ര ഒഴിവുകളുണ്ടെന്ന് ജില്ലതിരിച്ച് വിശദമാക്കുമോ ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) 409 ഒഴിവുകളുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.*

(ബി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി.വഴിയുള്ള നിയമനം വൈകുന്നതിനാൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്വഴി താൽക്കാലിക നിയമനത്തിനായുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly